"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 22-06-2020

**സർക്കുലർ നം 57**

ജയിലാസ്ഥാനകാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് അയയ്ക്കുന്ന പല കത്തുകളിലും ഉള്ളടക്കം ചെയ്തിരിക്കുന്നതായി പറഞ്ഞിരിക്കുന്ന രേഖകൾ ലഭിക്കാറില്ലായെന്നും,കത്തുകളിൽ ടൈപ്പിംഗ്/അച്ചടി പിശകുകൾ കണ്ടുവരുന്നതായും സർക്കാർ രേഖാമൂലം അറിയിച്ചിരിക്കുന്നു. ഇത് സർക്കാരിൽ വകുപ്പിനെ കുറിച്ച് അവമതിപ്പുണ്ടാക്കുന്നതിന് ഇടയാക്കിയിരിക്കുകയാണ്.

ടി സാഹചര്യത്തിൽ സീറ്റിലെ ക്ലർക്കുമാർ/ടൈപ്പിസ്റ്റുമാർ തയ്യാറാക്കുന്ന കരടുകളിൽ അച്ചടി പിശകുകൾ ഇല്ലായെന്ന് ക്ലർക്ക്/ടൈപ്പിസ്റ്റുമാർ ഉറപ്പുവരുത്തേണ്ടതാണ്. കരടിൽ തുകകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ശരിയായി രേഖപ്പെടുത്തേണ്ടതും, alignment ശരിയായ രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഡെസ്പാച്ച് ചെയ്യുന്ന കത്തുകളിൽ അനുബന്ധമായി സമർപ്പിക്കേണ്ട എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഡെസ്പാച്ച് ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ക്ലർക്കുമാർ സമർപ്പിക്കുന്ന കരടുകൾ സൂപ്രണ്ട് മുതലുള്ള മേലുദ്യോഗസ്ഥർ വിശദമായ പരിശോധിക്കേണ്ടതും പിഴവുകൾ ഇല്ലാത്ത രീതിയിൽ മേലധികാരിക്ക് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഇപ്രകാരം സർക്കാരിലേക്കും മറ്റ് ഓഫീസുകളിലേയ്ക്കുമുള്ള (കോടതികൾ, കളക്ടറേറ്റ് മുതലായവ) കത്തുകൾ പിശകുകൾ കൂടാതെയായിരിക്കണം അയയ്ക്കേണ്ടത്. എല്ലാ ഉദ്യോഗസ്ഥരും ഉത്തരത്തിലുള്ള പിഴവുകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ സംഭവിക്കുന്നപക്ഷം വിശദീകരണം ആവശ്യപ്പെടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും.

E2-13649/2020/PrHQ

ee9785